ഭരണഭാഷ-മാതൃഭൂഷ

WEC4/8180/19

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി : 16.12.2020
ഇ-മെയിൽ : swdicds@gmail.com
ഫോൺ നമ്പർ 0471-2346534

## പരിപത്രം

വിഷയം : വനിത ശിശു വികസന വകുപ്പ് - -- മഹിള ശക്തി കേന്ദ്ര -District Level Centre for Women (DLCW) -ജീവനക്കാരുടെ ജോലി നിശ്ചയിച്ച് ഉത്തരവാകുന്നു.

സൂചന :
1. കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ മഹിള ശക്തി കേന്ദ്ര പദ്ധതിയ്ക്കായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ.
2. സ.ഉ.(സാധാ)നം.85/2019/സാനീവ തീയതി 12.02.2019.
3. സ.ഉ.(സാധാ)നം.793/2019/സാനീവ തീയതി 19.12.2019
4. സ.ഉ.(സാധാ)നം.533/2019/സാനീവ തീയതി 07.10.2020
5. സർക്കാരിന്റെ 27.05.2020-ലെ സാനീവ-ബി3/121/2020/സാനീവ നമ്പർ കത്ത്.
6. 21.10.20-ന്ന അഡീഷണൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗ് തീരുമാനം.

ഗ്രാമീണ വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം, സാങ്കേതിക പരിജ്ഞാനം, പോഷകാഹാര ആരോഗ്യ പദ്ധതി എന്നീ സേവനങ്ങൾ ഒരോ ഉറവിടത്തിൽ നിന്നു ലഭ്യമാക്കി വനിതകളെ ശാക്തീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മഹിള ശക്തി കേന്ദ്ര (MSK). പരാമർശം (2), (3), (4) പ്രകാരം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും District Level Centre for Women (DLCW) ആരംഭിയ്ക്കുന്നതിനും തൃശ്ശൂർ, വയനാട് ജില്ലകളിൽ നാല് വീതം ബ്ലോക്ക് ലെവൽ കമ്മിറ്റി (BLC) ആരംഭിയ്ക്കുന്നതിനും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖ പ്രകാരം District Level Centre for Women (DLCW)യുടെ പ്രവർത്തനത്തിനായി Women Welfare Officer (1), District Coordinator (2) എന്നിവരെ നിയമിയ്ക്കുന്നതിനുള്ള അനുമതിയുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം ജിവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയോ/നിയമന നടപടികൾ ആരംഭിക്കുകയോ ചെയ്തിട്ടുള്ളതും DLCW യുടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ DLCW യിലെ ജീവനക്കാരുടെ നിയമനം, ചുമതല എന്നിവ സംബന്ധിച്ചുള്ള പൊതു നിർദ്ദേശങ്ങൾ ചുവടെച്ചേർക്കും പ്രകാരം നിശ്ചയിച്ച് ഉത്തരവാകുന്നു.

**നിയമനം**

1. കരാർ അടിസ്ഥാനത്തിൽ 2021 മാർച്ച് 31 വരെ നിയമനം നൽകേണ്ടതും തുടർന്ന് കേന്ദ്ര സർക്കാർ പദ്ധതി അടുത്ത സാമ്പത്തിക വർഷം തുടരുകയാണെങ്കിൽ പരമാവധി ഒരു വർഷംവരെ കാലാവധി അനുവദിക്കാവുന്നതാണ്.
2. ഇവർക്ക് കേരള സർവ്വീസ് ചട്ട പ്രകാരമുള്ള അനുവദനീയമായ അവധിയ്ക്ക് (പ്രസവാവധി ഉൾപ്പെടെ) അർഹത ഉണ്ടായിരിക്കുന്നതാണ്.
3. കാലാവധിയ്ക്കുള്ളിൽ ഇവരുടെ പ്രവർത്തനം തൃപതികരമാണെന്ന് കൃത്യമായി appraise ചെയ്യേണ്ടത് ജില്ല ഓഫീസറുടെ ഉത്തരവാദിത്വമാണ്.
4. അന്തർ ജില്ലാ സ്ഥലമാറ്റം അനുവദനീയമല്ല.
5. ജീവനക്കാരുമായി ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ അടിയന്തിരമായി 200 രൂപ മുദ്ര പത്രത്തിൽ ഉടമ്പടി വയ്ക്കേണ്ടതാണ്.

**ചുമതലകൾ**

1. വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിയ്ക്കുക.
2. POSH Act – തൊഴിലിടങ്ങളിൽ IC രൂപീകരിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കൽ , റിപ്പോർട്ട് സമർപ്പണം.
3. WIDOW CELL – Survey, registration പദ്ധതികൾ ഗുണഭോക്താക്കളിൽ എത്തിയ്ക്കുന്നതിനുള്ള പ്രവർത്തനം .
4. വനിതാ ക്ഷേമ സ്ഥാപനങ്ങൾ, സ്വാധാർ ഗ്രഹ്, ഉജ്ജ്വല തുടങ്ങിയവയിലെ താമസക്കാരുടെ പുനരധിവാസത്തിന്റെ ഭാഗമായി അവരുടെ അഭിരുചിക്കനുസരിച്ചുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുക.
5. റസ്ക്യൂ ഹോം, മഹിളാമന്ദിരം എന്നിവയിലെ താമസക്കാരെ സ്വന്തം വീട്ടുകളിലേക്ക് അല്ലെങ്കിൽ സ്വന്തം കാലിൽ നില്ക്കുന്ന വിധം പുനരധിവസിപ്പിക്കാനുള്ള ശ്രമം നടത്തുക/അന്യ സംസ്ഥാനങ്ങളിലേക്ക് repatriation –നുള്ള നടപടി സ്വീകരിക്കുക.

6. സഹായഹസ്തം പദ്ധതി പ്രകാരം അനുവദിച്ച തുക ഉപയോഗിച്ച് തുടങ്ങിയ സംരംഭം തുടരുന്നുണ്ടോയെന്ന് പരിശോധിയ്ക്കുക, അവ എത്ര മാത്രം ഫലവത്തായി എന്നുള്ള പഠനം.
7. സ്ത്രീകൾക്കെതിരെയുള്ള സൈബർ കുറ്റ കൃത്യ പരാതികളിൽമേലുള്ള പഠനം/റിപ്പോർട്ട്.
8. മറ്റു വകുപ്പുകളിൽ വഴി നൽകുന്ന വിവിധ ക്ഷേമ പദ്ധതികൾ ക്രോഡീകരിച്ച് Data Bank തയ്യാറാക്കുക.
9. കൂടാതെ ഡയറക്ടർ, ജില്ലാ വനിതാ ശിശു വികസന ഓഫീസർ എന്നിവർ സമയാസമയങ്ങളിൽ നല്കുന്ന മറ്റു ചുമതലകൾ.

ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ DLCW യിലെ ജീവനക്കാർക്ക് ചുമതലകൾ വിഭജിച്ച് നൽകേണ്ടതും അതു പ്രകാരം പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്.

മുകളിൽ പറഞ്ഞതിൽ 2,4,5 എന്നീ പ്രവർത്തനങ്ങൾ ഉടൻ ആരംഭിച്ച് ഒരു മാസത്തിനകം status റിപ്പോർട്ട സമർപ്പിക്കേണ്ടതാണ്. ഇതു കൂടാതെ 2019 ജനുവരി മുതലുള്ള ഗാർഹിക പീഡന പരാതികൾ (എല്ലാ മാർഗ്ഗങ്ങളിലൂടെയും ഫയൽ ചെയ്യപ്പെടുന്നത്) പരിശോധിച്ച് വ്യക്തമായ വിശകലനം നടത്തി ജില്ലയുടെ Status Report എല്ലാവരും സമർപ്പിക്കേണ്ടതാണ്.

**വിശ്വസ്തതയോടെ,**

**വനിത ശിശു വികസന ഡയറക്ടർ**

**എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും.**

**പകർപ്പ് : 1. എല്ലാ WPO മാർക്കും.**
**2. എല്ലാ DCPO മാർക്കും.**
**3. വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനു**
**4. ജെൻഡർ അഡ്വൈസർ**
**5. ഫയൽ/സ്റ്റോക്ക് ഫയൽ.**